ദേശാഭിമാനി 06 May 2017

# രേഖയ്ക്കും കാർത്തികേയനും സിഎംഎഫ്ആർഐയുടെ ആദരം

കൊച്ചി > വിവാഹവാർഷികദിനവും ജന്മദിനവും ഒന്നിച്ച മെയ് അഞ്ചിനുതന്നെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ ആദരവ് ഏറ്റുവാങ്ങാനായ സന്തോഷത്തിലാണ് കടലിൽ മീൻ പിടിക്കുന്ന ഇന്ത്യയിലെ ആദ്യ വനിതാ മത്സ്യത്തൊഴിലാളി രേഖ. കടലിൽ പോകുന്ന ഇന്ത്യയിലെ ആദ്യത്തെ മത്സ്യത്തൊഴിലാളി ദമ്പതികളെന്ന നിലയിലാണ് തൃശൂർ ജില്ലയിലെ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ വി കാർത്തികേയനും ഭാര്യ കെ സി രേഖയും ആദരവിന് അർഹരായത്. സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷിസഹമന്ത്രി സുദർശൻ ഭഗത് പൊന്നാടയും ഉപഹാരവും നൽകി.

കടലിൽ ഔട്ട്ബോഡ് വള്ളത്തിൽ ഒരുമിച്ച് മത്സ്യബന്ധനം നടത്തുന്ന ദമ്പതികൾക്ക് കൂടുമത്സ്യക്കൃഷി നടത്തുന്നതിന് കാളാഞ്ചി മീൻകുഞ്ഞുങ്ങളെയും കൈമാറി. കടൽ മീൻപിടിത്തത്തോടൊപ്പം അധികവരുമാനം നേടുന്നതിനായി സിഎംഎഫ്ആർഐയുടെ സാമ്പത്തിക-സാങ്കേതിക സഹായത്തിലാണ് കാർത്തികേയനും രേഖയും കടലിൽ കൂടുകൃഷി തുടങ്ങുന്നത്.

കടലിൽ ബോട്ട് ഉപയോഗിച്ച് മീൻപിടിത്തം നടത്തുന്ന ഇന്ത്യയിലെ ആദ്യ വനിതയാണ് രേഖ. സ്ത്രീകൾ കടലിൽപ്പോകുന്നത് ശരിയല്ലെന്ന അന്ധവിശ്വാസവും പല എതിർപ്പുകളും മറികടന്നാണ് ദമ്പതികൾ ഈ രംഗത്തിറങ്ങിയത്. പഴയ ബോട്ടുമായി മീൻപിടിത്തം നടത്തുന്ന തങ്ങൾക്ക് വൻകിട മത്സ്യബന്ധനയാനങ്ങൾക്കൊപ്പം എത്താനാകുന്നില്ല. കടൽവെള്ളം കയറുന്നതരത്തിലാണ് വീട് നിൽക്കുന്നതെന്നും ദമ്പതികൾ പറഞ്ഞു.



► സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ കെ വി കാർത്തികേയനെയും ഭാര്യ കെ സി രേഖയേയും കേന്ദ്രമന്ത്രി സുദർശൻ ഭഗത് ആദരിച്ചപ്പോൾ